"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) - പുതിയ അക്രഡിറ്റേഷൻ അപേക്ഷയിൽ തീരുമാനമാകുന്നത് വരെ നിലവിലുള്ള അക്രഡിറ്റേഷന്റെ കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2634/2025/LSGD　　തീയതി,തിരുവനന്തപുരം, 02-11-2025

പരാമർശം:-

1. സ.ഉ(എം.എസ്) നം.133/2013/തസ്വഭവ തീയതി 30/03/2013.
2. സ.ഉ(സാധാ) നം.1983/2022/തസ്വഭവ തീയതി 16/08/2022.
3. സ.ഉ(സാധാ) നം.2585/2021/തസ്വഭവ തീയതി 16/12/2021.
4. ഐ.ആർ.ടി.സി രജിസ്ട്രാരുടെ 12/08/2025-ലെ IRTC/100/LSGD/241/2025 നമ്പർ കത്ത്.
5. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/10/2025-ലെ SM/1088/2024-C4-Part(1) നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം, വൈദ്യുത ലൈൻ ഭൂപട നിർമ്മാണം, നീർത്തട വികസനം, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണ - വിസർജ്യ മാലിന്യ സംസ്കരണ (Faecal Sludge Management) പ്രോജക്ടുകളുടെ നിർവഹണം മലിനജലം ട്രീറ്റ് ചെയ്യുന്ന പ്ലാന്റ് സ്ഥാപിക്കലും പരിപാലിക്കലും എന്നീ മേഖലകളിലെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനത്തിന് നിലവിലുണ്ടായിരുന്ന അക്രഡിറ്റേഷൻ പരാമർശം (2) പ്രകാരം പുതുക്കി നൽകിയിരുന്നു.

2. അക്രഡിറ്റേഷൻ ഇല്ലാതെയാകുന്നത് നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള നിരവധി തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ അക്രഡിറ്റേഷൻ സംബന്ധിച്ച് കിലയുടെ പരിശോധന നടപടികൾ പൂർത്തിയാക്കി സർക്കാർ

തീരുമാനമെടുക്കുന്നത് വരെ നിലവിൽ ഉള്ള അക്രഡിറ്റേഷന് പ്രാബല്യം നൽകണമെന്ന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ രജിസ്ട്രാർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിൽ പരാമർശം (5) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (1) മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പുതിയ അക്രഡിറ്റേഷനുള്ള അപേക്ഷ സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിലെ ഏജൻസിയുടെ പ്രവർത്തനങ്ങളെ മാനിച്ചും നിലവിൽ നടത്തിവരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തിന് തടസ്സം വരുന്നത് ഒഴിവാക്കുന്നതിനായും 31/12/2025 വരെയോ, പുതിയ അക്രഡിറ്റേഷന്റെ അപേക്ഷയിൽ തീരുമാനമാകുന്നത് വരെയോ ഏതാണ് ആദ്യം എന്ന ക്രമത്തിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനത്തിന്റെ പരാമർശം (2) പ്രകാരമുള്ള അക്രഡിറ്റേഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, (IRTC) മുണ്ടൂർ, പാലക്കാട്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [ഓഡിറ്റ്] കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മിഡിയ) വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ ജനറൽ, കില.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-11-2025 11:39:45

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്